**Athmaraksha.org**

തകർച്ചയുടെ വഴികൾ

## അന്യദൈവങ്ങളോടും, സാത്താൻസേവകരോടും അടുക്കുന്നതും, മന്ത്രവാദം, കൂടോത്രം, വാരഫലം




ആരെങ്കിലും മന്ത്രവാദികളുടെയും കൂടോത്രക്കാരുടെയും പുറകേ പോയി അന്യദേവൻമാരെ ആരാധിച്ചാൽ അവനെതിരേ ഞാൻ മുഖം തിരിക്കുകയും അവനെ സ്വജനത്തിൽ നിന്ന വിച്ഛേദിച്ചുകളയുകയും ചെയ്യും (ലേവ്യർ 20:6).

എന്തെന്നാൽ, ഒരു ദൈവമേയുള്ളു ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനെയുള്ളു: മനുഷ്യനായ യേശുക്രിസ്തു (1 തിമോത്തേയോസ് 2:5).

ആകയാൽ, യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും (റോമാ 10:9).

അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവൻമാർ നിനക്കുണ്ടാകരുത് (പുറപ്പാട് 20:2-3).

ഭൂമിയുടെ അതിർത്തികളേ, എന്നിലേക്കു തിരിഞ്ഞു രക്ഷപെടുക. ഞാനാണ ദൈവം; ഞാനല്ലാതെ മറ്റൊരു ദൈവം ഇല്ല (ഏശയ്യാ 45:22).

യേശു കൽപിച്ചു: സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതൻമാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു (മത്തായി 4:10-11).

നിനക്കായി ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മുകളിൽ ആകാശത്തോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്. നീ അവയെ കുമ്പിട്ടാരാധിക്കുകയോ സേവിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, നിന്റെ ദൈവവും കർത്താവുമായ ഞാൻ എന്നെ വെറുക്കുന്നവരുടെ മൂന്നും നാലും തലമുറകൾവരെയുള്ള മക്കളെ അവരുടെ പിതാക്കൻമാരുടെ തിൻമമൂലം

ശിക്ഷിക്കുന്ന അസഹിഷ്ണുവായ ദൈവമാണ് (നിയമാവർത്തനം 5:8-9).

എന്നാൽ, എന്നെ സ്നേഹിക്കുകയും എന്റെ കൽപനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരം തലമുറവരെ ഞാൻ കാരുണ്യം കാണിക്കും. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. തന്റെ നാമം വൃഥാ ഉപയോഗിക്കുന്നവനെ കർത്താവു ശിക്ഷിക്കാതെ വിടുകയില്ല.12 നിന്റെ ദൈവമായ കർത്താവു കൽപിച്ചതുപോലെ സാബത്ത് ആചരിക്കുക - വിശുദ്ധമായി കൊണ്ടാടുക (നിയമാവർത്തനം 5:10-12).

നിങ്ങളുടെ ദൈവമായ കർത്താവിനെ വിസ്മരിക്കുകയും മറ്റു ദേവൻമാരുടെ പിറകേ പോയി അവരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ തീർച്ചയായും നിങ്ങൾ നശിച്ചു പോകുമെന്ന് ഇന്ന് ഞാൻ മുന്നറിയിപ്പുതരുന്നു. നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ അനുസരിക്കാതിരുന്നാൽ, നിങ്ങളുടെ മുൻപിൽ നിന്നു കർത്താവ് നിർമാർജനം ചെയ്യുന്ന ജനതകളെപ്പോലെ നിങ്ങളും നശിക്കും. (നിയമാവർത്തനം 8:19 -20).

കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷപ്രാപിക്കും. കർത്താവ് അരുളിച്ചെയ്തതുപോലെ, സീയോൻ പർവതത്തിലും ജറുസലെമിലും രക്ഷപെടുന്നവരുണ്ടാകും. കർത്താവ് വിളിക്കുന്നവർ അതിജീവിക്കും (ജോയേൽ 2:32).